**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4463    27.06.2013 - ൽ മറുപടിക്ക്**

## നാഷണൽ ഹൈവേ വികസനത്തിന് ഭൂമി ഏറ്റെടുക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ജി.എസ്.ജയലാൽ** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട് കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ ഭൂമി ഏറ്റെടുക്കൽ നടപടിയുടെ പുരോഗതി അറിയിക്കുമോ;<br><br>(ബി) ഭൂമി ഏറ്റെടുക്കുന്നതിലേക്കായി എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (എ) & (ബി) 3A(1) വിജ്ഞാപനം കാലഹരണപ്പെട്ടതിനാൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർത്തി വച്ചിരിക്കുകയാണ്. |
| (സി) ഭൂമി ഏറ്റെടുക്കൽ നടപടിക്ക് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) സമയപരിധിയൊന്നും നിശ്ചയിച്ചിട്ടില്ല. |
| (ഡി) നാഷണൽ ഹൈവേ വികസനം സാദ്ധ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ? | (ഡി) ദേശീയപാത 17 ന്റെയും 47 ന്റെയും വികസനം എൻ.എച്ച്.എ.ഐ. മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. ഇതിൽ എൻ.എച്ച്. 47 ന്റെ വാളയാർ മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗങ്ങളിൽ മാത്രമേ വികസന പ്രവൃത്തികൾ നടക്കുന്നുള്ളൂ. എന്നാൽ ഭൂമി വിട്ടു നൽകുന്നതിന് ജനങ്ങളുടെ ഭാഗത്ത് നിന്നും കടുത്ത എതിർപ്പ് നേരിടുന്നുണ്ട്. ആയത് പരിഹരിക്കുവാൻ ഊർജ്ജിത ശ്രമം നടക്കുന്നുണ്ട്. ബാക്കിയുള്ള ദേശീയപാത |

കളിൽ പ്രധാനപ്പെട്ട അഞ്ചെണ്ണവും (എൻ.എച്ച്. 49, എൻ.എച്ച്. 208, എൻ.എച്ച്. 212, എൻ.എച്ച്.213, എൻ.എച്ച്.220) എൻ.എച്ച്.ഡി.പി.യിൽ നിന്നും വേർപെടുത്തിയിട്ടുണ്ട്. ഇവയുടെ വികസനം കേന്ദ്ര മന്ത്രാലയത്തിന്റെ വാർഷിക പദ്ധതി വഴി ഘട്ടം ഘട്ടമായി നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ആലപ്പുഴ, കൊല്ലം ബൈപ്പാസുകൾ സ്റ്റാന്റ് എലോൺ പ്രോജക്ടായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യ വിഹിതത്തോടെ രണ്ടു വരിപ്പാതയായി പൂർത്തീകരിക്കുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ തിരുവനന്തപുരം ബൈപ്പാസിന്റെ കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള 26.5 കി.മീ. സ്റ്റാന്റ് എലോൺ പ്രോജക്ടായി എൻ.എച്ച്.എ.ഐ. 4 വരിപ്പാതയായി വികസിപ്പിക്കാനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. കോഴിക്കോട് ബൈപ്പാസും കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ ,മാതൃകയിൽ വികസിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

Salitha

സെക്ഷൻ ഓഫീസർ